പതിനാലാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ : 179

06.02.2019 ൽ
മറുപടിക്ക്

## ജനമൈത്രി പോലീസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.കെ. ശശി<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. കെ.ഡി പ്രസേനൻ<br>ശ്രീ. എൻ. വിജയൻ പിള്ള | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) ജനമൈത്രി പോലീസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) നിയമപരിപാലനത്തിനും ക്രമസമാധാന പാലനത്തിനും പൂർണ്ണമായി ജനങ്ങളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പോലീസിംഗ് സംവിധാനമാണ് ജനമൈത്രി പോലീസ് പദ്ധതി. വിവിധ ബീറ്റുകളിലേക്ക് ബീറ്റ് ഓഫീസർമാരും അസിസ്റ്റന്റ് ബീറ്റ് ഓഫീസർമാരും നടത്തുന്ന ഭവന സന്ദർശനത്തിലൂടെ അവർക്ക് പൊതുജനങ്ങളുമായി ആശയവിനിമയം നടത്തുവാനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും പരിഹാരങ്ങൾ നിർദ്ദേശിക്കുവാനും കഴിയുന്നു. ഇത്തരം ഇടപെടലുകളിലൂടെ ജനങ്ങൾക്ക് പോലീസിനോടുള്ള മതിപ്പും വിശ്വാസവും വർദ്ധിപ്പിക്കാനും പോലീസ് ഉദ്യോഗസ്ഥർ ജനങ്ങളുടെ സുഹൃത്തുക്കളാണ് എന്ന ചിന്താഗതി വളർത്തിയെടുക്കുവാനും സാധിച്ചിട്ടുണ്ട്.<br><br>2008 ൽ 20 പോലീസ് സ്റ്റേഷനുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച ജനമൈത്രി പോലീസ് സംവിധാനം ഘട്ടം ഘട്ടമായി കൂടുതൽ പോലീസ് സ്റ്റേഷനുകളിലേക്ക് വ്യാപിപ്പിച്ച് 2017 ഫെബ്രുവരി മാസത്തോടെ സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ജനമൈത്രി പോലീസ് സംവിധാനത്തിൻ കീഴിലാക്കിയിട്ടുണ്ട്. |

പോലീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് സാംസ്കാരിക, സാമൂഹിക, വിദ്യാഭ്യാസ പരിപാടികളും, മെഡിക്കൽ ക്യാമ്പുകളും, രക്തഗ്രൂപ്പ് നിർണ്ണയ ക്യാമ്പുകളും നടത്തുക വഴി ആരോഗ്യരംഗത്തും പോലീസിന് ഇടപെടാൻ സാധിച്ചിട്ടുണ്ട്. മദ്യം , മയക്കമരുന്നിനെതിരെയുള്ള ബോധവൽക്കരണ സെമിനാറുകൾ, ജനമൈത്രി സുരക്ഷാ പദ്ധതി സംസ്ഥാന തലത്തിൽ നേതൃത്വം നൽകി നടപ്പിലാക്കിയ ലഹരിവിരുദ്ധ കാവൽക്കൂട്ടം പോലെയുള്ള പദ്ധതികൾ, ട്രാഫിക് ബോധവൽക്കരണ പരിപാടികൾ തുടങ്ങിയവയിലൂടെ ജനങ്ങളെ കൂടുതൽ പങ്കെടുപ്പിച്ചും അവരുടെ വിശ്വാസമാർജ്ജിച്ച കൊണ്ടും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ തുടർന്നു വരുന്നു.

| | |
|---|---|
| ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പരിശീലനങ്ങളാണ് പോലീസ് സേനയ്ക്ക് നൽകി വരുന്നത്; | ബി) ജനമൈത്രി പോലീസ് പദ്ധതിയുടെ ഭാഗമായി വിവിധ ട്രെയിനിംഗ് പരിപാടികൾ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകി വരുന്നു. കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലേയും ബീറ്റ് ഓഫീസർമാർക്ക് നൽകി വരുന്ന ബേസിക് ട്രെയിനിംഗ് പരിശീലന പ്രോഗ്രാം ഇതിൽ പ്രധാനപ്പെട്ടതാണ്. വിവിധ വിഷയങ്ങളെ ആസ്പദമാക്കി പ്രസ്തുത പരിശീലനപരിപാടിയിൽ ക്ലാസ്സുകളും നൽകി വരുന്നു. അതോടൊപ്പം പരിശീലനത്തിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് ജനമൈത്രി സുരക്ഷാ പദ്ധതിയുടെ പ്രവർത്തനങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും മറ്റുമടങ്ങിയ ലഘുലേഖകളും പുസ്തകങ്ങളും നൽകുന്നു.<br><br>പോലീസ് ട്രെയിനിംഗ് കോളേജ്, കേരളാ പോലീസ് അക്കാഡമി എന്നിവിടങ്ങൾ കേന്ദ്രീകരിച്ചാണ് പരിശീലന പരിപാടികൾ നൽകി വരുന്നത്. കൂടാതെ സി.ആർ.ഒ മാർക്കും, എസ്.എച്ച്.ഒ മാർക്കും ജില്ലാ തലങ്ങളിലും റെയ്ഞ്ച് തലങ്ങളിലും തുടർ പരിശീലനപരിപാടികളും നൽകി വരുന്നു.<br><br>സ്ത്രീ-ശിശു സുരക്ഷ, ആദിവാസി സുരക്ഷ, മദ്യത്തിനും മയക്കമരുന്നിനും എതിരെയുള്ള ബോധവൽക്കരണം തുടങ്ങി വിവിധ വിഷയങ്ങളെ ആസ്പദമാക്കി സംസ്ഥാന |

| | |
|---|---|
| | തലത്തിലും ജില്ലാതലത്തിലും സെമിനാറുകളും ശില്പശാലകളും നടത്തി വരുന്നു. |
| സി) പോലീസ് സ്റ്റേഷനുകൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി എല്ലാ പോലീസ് സ്റ്റേഷനുകളിലും പബ്ലിക് റിലേഷൻസ് ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ടോ; | സി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വിവിധ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങളെ സ്വീകരിക്കാനും സഹായിക്കാനുമായി ഒരു പോലീസ് ഉദ്യോഗസ്ഥനെ പബ്ലിക് റിലേഷൻ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. |
| ഡി) ക്രമസമാധാന പാലനം, കുറ്റാന്വേഷണം, ഗതാഗത നിയന്ത്രണം തുടങ്ങിയ വിവിധ പോലീസ് പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ കൂടുതൽ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് പോലീസ് ചീഫ് കൺട്രോൾ റൂം പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി) പോലീസ് പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് വേണ്ടി പോലീസ് ആസ്ഥാനത്ത് പോലീസ് ചീഫ് കൺട്രോൾ റൂം പ്രവർത്തിച്ചു വരുന്നു. സംസ്ഥാന ഇന്റലിജൻസ് വിവരങ്ങൾ, സി.സി.ടി.വി ദൃശ്യങ്ങൾ, ജാഗ്രത നിർദ്ദേശങ്ങൾ, പൊതുജനങ്ങളിൽ നിന്നുള്ള അറിവും വിവരങ്ങളും അതീവ ശ്രദ്ധ വേണ്ടത് സംസ്ഥാന പോലീസ് മേധാവിയുടെ ശ്രദ്ധയിൽ കൊണ്ട് വന്ന് ഇടപെടൽ വേണ്ടിടത്ത് സംയോജനം നടത്താനും താഴെ തട്ടിലെ പ്രവർത്തന മണ്ഡലങ്ങളിൽ നിർദ്ദേശങ്ങൾ നൽകുക എന്ന ലക്ഷ്യമാണിതിനുള്ളത്. |

സെക്ഷൻ ഓഫീസർ